# Mathrubhumi

# 23 August 2018

# Kochi, Flood Relief, Essentials, Navy

## 25 ടൺ അവശ്യവസ്തുക്കളുമായി വീണ്ടും നാവികസേനാ കപ്പൽ



▶ അവശ്യവസ്തുക്കളുമായി കൊച്ചിയിലെത്തിയ 'മുംബൈ' എന്ന നാവികസേനാ കപ്പലിൽനിന്ന് വസ്തുക്കളിറക്കുന്നു

**കൊച്ചി** ▸ പ്രളയ മേഖലയ്ക്കുള്ള 25 ടൺ അവശ്യവസ്തുക്കളുമായി നാവികസേനയുടെ കപ്പലായ 'മുംബൈ' ബുധനാഴ്ച കൊച്ചിയിലെത്തി.

വീടുകളിലും പരിസരങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾക്ക് വേഗം കൂടിയിരിക്കെ രണ്ടര ടൺ അണുനാശിനികളും ശുചീകരണ വസ്തുക്കളുമാണ് കപ്പലിൽ. കുടിവെള്ളം, പലചരക്ക് സാധനങ്ങൾ, ഉടൻ കഴിക്കാൻ പാകത്തിലുള്ള ഭക്ഷണം, മരുന്നുകൾ എന്നിവയും കപ്പലിലുണ്ട്. കഴിഞ്ഞ ദിവസം 'മൈസൂർ' എന്ന കപ്പലും കൊച്ചിയിലെത്തിയിരുന്നു. സംസ്ഥാന സർക്കാർ സംവിധാനങ്ങളുടെ നിർദ്ദേശമനുസരിച്ചുള്ള സ്ഥലങ്ങളിൽ ഇവ വിതരണം ചെയ്യും.

കാലവർഷം കലിതുള്ളിയപ്പോൾ മുതൽ നാവികസേന തുടങ്ങിയ 'ഓപ്പറേഷൻ മദദ്' എന്ന രക്ഷാദൗത്യം ഏറെക്കുറെ പൂർത്തിയായതായി സേനാവൃത്തങ്ങൾ അറിയിച്ചു.

ദൗത്യത്തിന്റെ പതിനാലാം ദിവസമായ ബുധനാഴ്ച സഹായാഭ്യർഥനകൾ വരാത്ത സാഹചര്യത്തിലാണിത്. എന്നാൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയും ചെയ്യും. 16,005 പേരെയാണ് ദൗത്യത്തിന്റെ ഭാഗമായി സേന രക്ഷപ്പെടുത്തിയത്. കുടിവെള്ള വിതരണം പുനരാരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. കടുങ്ങല്ലൂർ, വരാപ്പുഴ, കടമക്കുടി, ആലങ്ങാട് പഞ്ചായത്തുകളിൽ വെള്ളമെത്തിക്കുന്ന ഏലൂക്കര പമ്പിങ് സ്റ്റേഷനിലെ തകരാറുകൾ പരിഹരിക്കാൻ ശ്രമം നടന്നുവരികയാണ്. വാട്ടർ അതോറിറ്റിയുടെ അഭ്യർഥന പ്രകാരം സ്റ്റേഷനിലേക്കുള്ള പൈപ്പിലെ തടസ്സം മാറ്റുകയായിരുന്നു. ഇതിനായി ഏഴുപേരുടെ നീന്തൽ വിദഗ്ധരെയാണ് നിയോഗിച്ചത്. പൈപ്പിന് തടസ്സം നിന്ന മരങ്ങൾ മാറ്റി.

അന്തേവാസികളെല്ലാം വീടുകളിലേക്ക് മടങ്ങിയതിനെത്തുടർന്ന് ഹാങ്കറിലെ രണ്ടാം നമ്പർ ടെർമിനലിൽ നടത്തിയിരുന്ന ദുരിതാശ്വാസ ക്യാമ്പിന്റെ പ്രവർത്തനം നിർത്തി. എന്നാൽ, ആലുവയിലെ എൻ.എ.ഡി.യുടെ ആഭിമുഖ്യത്തിൽ പ്രൈമറി സ്കൂളിൽ നടക്കുന്ന ക്യാമ്പ് തുടരുകയാണ്. വിവിധ സ്ഥലങ്ങളിലെ ആവശ്യം പരിഗണിച്ച് സേന കുസാറ്റിൽ നടത്തിവരുന്ന സമൂഹ അടുക്കളയുടെ പ്രവർത്തനം 25 വരെ ദീർഘിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.